**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2883** **13-10-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി നന്നമ്പ്ര പഞ്ചായത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് 6218 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. ഈ പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തിയ 2929 ലക്ഷം രൂപയുടെ പ്രവർത്തി നബാർഡ് കുടിവെള്ള സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. |
| (ബി) | ഈ പ്രവൃത്തിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (ബി) | കുടിവെള്ള പദ്ധതിയുടെ നിർമ്മാണം അടിയന്തരമായി നടപ്പിലാക്കുവാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ